പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2909 07.02.2018 – ൽ മറുപടിക്ക്

# കെ.എസ്.റ്റി.പി പദ്ധതികൾ മെച്ചപ്പെടുത്തുന്നതിന് ലോകബാങ്ക് നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :<br>ശ്രീ.വി.ടി.ബൽറാം :<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ. അനൂപ് ജേക്കബ് : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതികളുടെ ധനവിനിയോഗം, ഗുണനിലവാരം, തൊഴിലാളി ക്ഷേമം, സ്ഥലമെടുപ്പ് എന്നീ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; | (എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഫണ്ടിംഗ് ഏജൻസിയായ ലോകബാങ്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) ലോകബാങ്ക് ധനസഹായത്തോടു കൂടിയുള്ള കെ.എസ്.റ്റി.പി പദ്ധികൾക്ക് 2017 - 2018 - ൽ ബഡ്ജറ്റ് വിഹിതമായി 580 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 215 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. കൂടാതെ |

30.01.2018 - ൽ 70 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കെ.എസ്.റ്റി.പി. പദ്ധതികളെല്ലാം തന്നെ അന്താരാഷ്ട്ര നിലവാരത്തിൽ MORTH SPECIFICATION അനുസരിച്ചാണ് നടപ്പിലാക്കി-ക്കൊണ്ടിരിക്കുന്നത്. സൈറ്റുകളിൽ തന്നെ ലാബോറട്ടറികൾ സ്ഥാപിച്ച് ഗുണനിലവാര പരിശോധനകൾ നടത്തുന്നുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ ദർഘാസുകൾ വിളിച്ച് പരിചയമുള്ള കൺസ്ട്രക്ഷൻ സൂപ്പർവൈസറി കൺസൾട്ടന്റു-കളാണ് പദ്ധതികളുടെ സൂപ്പർ-വിഷൻ നടത്തുന്നത്. കൂടാതെ അതാതു പദ്ധതികളുടെ പരിധിയിലുള്ള കെ. എസ്. റ്റി. പി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പദ്ധതികളുടെ മേൽനോട്ടം നടത്തുന്നുണ്ട്.

തൊഴിലാളി ക്ഷേമം ഉറപ്പു-വരുത്തുന്നതിനു വേണ്ടി കരാർ പ്രകാരം Health / Safety / Environmental Engineer - നെ നിയമിച്ചിട്ടുണ്ട്. എല്ലാ മാസവും കെ. എസ്. റ്റി. പി പ്രോജക്ട് ഡയറക്ടർ ഓഫീസിൽ നിന്നും Environmental Safety Engineer പദ്ധതികൾ സൈറ്റ് പരിശോധന നടത്തി കർശന നടപടികളും നിർദ്ദേശങ്ങളും പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ എത്രയും പെട്ടെന്ന്

ഇൻഷ്വറൻസ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ലോകബാങ്ക് പ്രതിനിധികൾ മൂന്ന് മാസം കൂടുമ്പോൾ ലേബർ ക്യാമ്പ് ഉൾപ്പെടെയുള്ള സൈറ്റ് ഓഫീസുകൾ പരിശോധിച്ച് തൊഴിലാളി ക്ഷേമം ഉറപ്പുവരുത്തുന്നുണ്ട്.

സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള പ്രശ്നങ്ങളും തർക്കങ്ങളും ത്വരിതഗതിയിലാക്കുന്നതിന് കെ. എസ്. റ്റി. പി ഡിവിഷൻ തലത്തിലും പ്രോജക്ട് ഡയറക്ടർ ഓഫീസിലും സോഷ്യോളജിസ്റ്റിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കെ. എസ്. റ്റി. പി IVA തിരുവല്ല ബൈപ്പാസ് പദ്ധതിക്ക് 8 പേരുടെ സ്ഥലമെടുപ്പിനുള്ള അവാർഡ് ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. എങ്കിലും 5 പേരുടെ സ്ഥലമെടുപ്പ് നേരിട്ടുവാങ്ങൽ രീതിപ്രകാരം ഏറ്റെടുക്കുകയുണ്ടായി. ബാക്കി സ്ഥലം പൊന്നുംവില പ്രകാരം ഏറ്റെടുക്കുന്നതിന് പുതിയ എൽ. എ. ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതനുസരിച്ച് ലോകബാങ്ക് പ്രതിനിധികൾക്ക് അവലോകനയോഗങ്ങളിൽ റിപ്പോർട്ടുകളും നൽകുന്നുണ്ട്.

(സി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിൽ പരാജയം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പദ്ധതികളുടെ ഭാഗമായ പാക്കേജ് I, II, IVA എന്നിവയുടെ പുരോഗതിയെ

(സി) നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയം സംഭവിച്ചിട്ടില്ല. കെ. എസ്. റ്റി. പി നടപ്പിലാക്കുന്നത് ബൃഹത്തായ പദ്ധതികൾ ആയതിനാൽ ചിലപ്പോൾ വീഴ്ചകൾ

ബാധിച്ചിട്ടുണ്ടോ ;

സംഭവിക്കാറുണ്ട്. ഇവ പരിഹരിക്കുന്നതിനുവേണ്ടി കർശന നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുമുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ ഒന്നുംതന്നെ പദ്ധതികളുടെ പുരോഗതിയെ ബാധിച്ചിട്ടില്ല. കെ. എസ്. റ്റി. പി IVA തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിന് നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഡിസൈൻ മാറ്റേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വന്നു. ആയത് സ്റ്റിയറിംഗ് കമ്മിറ്റി കരാർ റദ്ദാക്കാനും റീടെണ്ടർ ചെയ്യുന്നതിനും തീരുമാനിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്രമംവിട്ട നടപടികൾ ഉണ്ടായതാണ് റദ്ദാക്കാൻ കാരണം. അതനുസരിച്ച് റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) അടൂർ - കഴക്കൂട്ടം മോഡൽ സുരക്ഷാ പദ്ധതി, പൂർത്തീകരണ കാലാവധിയായ 27.04.2018 - ന് മുമ്പ് പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) അടൂർ - കഴക്കൂട്ടം മോഡൽ സുരക്ഷാ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കോൺട്രാക്ടർക്കും കെ. എസ്. റ്റി. പി എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊട്ടാരക്കരയ്ക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കെ.എസ്.റ്റി.പി. പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ ?

(ഇ) കെ. എസ്. റ്റി. പി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെല്ലാം തന്നെ അന്തിമഘട്ടത്തിലാണ്. ലോകബാങ്കിന്റെ ലോൺ കാലാവധി തീരുന്ന 2019 ഏപ്രിൽ 30 - ന് മുൻപ് തീർക്കത്തക്ക വിധത്തിലാണ് എല്ലാ പദ്ധതികളും

ക്രമീകരിച്ചിട്ടുള്ളത്. പദ്ധതികളുടെ നിലവിലെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. പുനലൂർ - പൊൻകുന്നം പദ്ധതി വേൾഡ് ബാങ്ക് പ്രത്യേക പദ്ധതിയായി മാറ്റുന്നതിന് സമ്മതിച്ചിട്ടുണ്ട്. അത് താമസിയാതെ അംഗീകരിക്കുമെന്ന് അറിയിച്ചിരിക്കുന്നു.

S. Bindu

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| UG - 1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) | 133.05 | 78.80% |
| UG - 2 | പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ) | 118.29 | 80.50% |
| UG - 3A | തലശ്ശേരി - കളറോഡ് റോഡ് (28.80 കി.മീ). | 156.34 | 31.25% |
| UG - 3B | കളറോഡ് - വളവുപാറ റോഡ് (25.20 കി.മീ). | 209.68 | 38.65% |
| UG - 4 | ചെങ്ങന്നൂർ - ഏറ്റുമാന്നൂർ റോഡ് (45.40 കി.മീ). | 293.58 | 90.10% |
| UG - 4A | തിരുവല്ല ബൈപ്പാസ് (2.3. കി.മീ). | 31.80 | 63% |
| UG- 5 | ഏറ്റുമാന്നൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ). | 171.49 | 92.10% |
| UG - 6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ). | 227.13 | 99.20% |
| UG - 8 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ). | 8.11 | 100% |
| UG - 7 | പുനലൂർ - പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ). | 747 (എസ്റ്റിമേറ്റ് തുക) | പി.പി.പി. ആയി നടപ്പിലാക്കേണ്ട പദ്ധതി EPC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. |
| | സേഫ് കോറി ഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി. സി ഓവർലേയും മറ്റ് റോഡ് - സുരക്ഷാ പണികളും (80 കി.മീ). | 146.67 | 25% |

ഇവയിൽ UG - I, UG - II, UG - IV and UG - V എന്നീ നാല് പ്രവൃത്തികൾ 2018 മാർച്ച് മാസത്തിലും UG - III A, UG - III B, SCDP - കഴക്കൂട്ടം - അടൂർ എന്നീ മൂന്ന് പ്രവൃത്തികൾ 2018 അവസാനത്തോടുകൂടിയും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിർത്തിവച്ച തിരുവല്ല ബൈപ്പാസ് നിർമ്മാണം സ്റ്റീയിറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം റീടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുനലൂർ - പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശ പ്രകാരം EPC (എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നു വരുന്നു. അതനുസരിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കോൺട്രാക്ടർക്കും കൺസൾട്ടന്റിനും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

S. Bindu
സെക്ഷൻ ഓഫീസർ